LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്ത് ജീവനക്കാർക്ക് എൻ.ആർ.എ. എടുക്കുന്നതിനുള്ള സർവ്വീസ് ദൈർഘ്യം

128 (4563) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് ജീവനക്കാർക്ക് എൻ.ആർ.എ. എടുക്കുന്നതിനുള്ള സർവ്വീസ്ദൈർഘ്യം 15 വർഷമായി ക്രമപ്പെടുത്തുന്നതിന് ഗവൺമെന്റ് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(ബി) 1997-ലെ ശമ്പള പരിഷ്കരണത്തെ തുടർന്ന് മറ്റു ജീവനക്കാർക്ക് നൽകിയ പ്രസ്തുത ആനുകൂല്യം പഞ്ചായത്ത് ജീവനക്കാർക്ക് നൽകുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സമുണ്ടോ ?

ഉത്തരം

(എ&ബി) കേരള പഞ്ചായത്ത് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നഗരമാലിന്യങ്ങൾ നീക്കംചെയ്ത താൽക്കാലിക ജീവനക്കാർക്ക് പുനർനിയമനം

129 (4564) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :-

(എ) 2002 ഫെബ്രുവരി മാസത്തിൽ സർക്കാർ ജീവനക്കാരും അദ്ധ്യാപകരും നടത്തിയ അനിശ്ചിതകാല പണിമുടക്ക് സമരകാലത്ത് തിരുവനന്തപുരം നഗരസഭ നഗരത്തിലെ മാലിന്യങ്ങൾ നീക്കംചെയ്യുന്നതിന് നിയമിച്ച ദിവസക്കൂലിക്കാരായ തൊഴിലാളികളെ പണിമുടക്കു സമരം തീർന്നതിനുശേഷം ജോലിയിൽനിന്നും പിരിച്ചുവിട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വിഭാഗക്കാർക്ക് ഭാവിയിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് ഉള്ള നിയമനത്തിൽ മുൻഗണന നൽകുമെന്ന് നഗരസഭ അധികാരികൾ വാഗ്ദാനം നൽകിയിരുന്നുവോ എന്ന് വ്യക്തമാക്കുമോ ;

(സി) നഗരശുചീകരണം കാര്യക്ഷമമായി നടത്തുന്നതിന് ജീവനക്കാർ അപര്യാപ്തമാണെന്ന കാര്യം ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ;

(ഡി) നഗരമാലിന്യങ്ങൾ ത്വരിതഗതിയിൽ നീക്കംചെയ്ത് പകർച്ച വ്യാധികൾ തടയുന്നതിനായി നഗരസഭയ്ക്ക് കീഴിൽ താൽക്കാലിക ജോലി ചെയ്തിരുന്ന മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെട്ടവരെ മുൻഗണനാക്രമത്തിൽ ജോലി നൽകി സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പിരിച്ചുവിട്ടിട്ടുണ്ട്.

(ബി) ഗവൺമെന്റ് വാഗ്ദാനം നൽകിയിട്ടില്ല.

(സി) ഉണ്ട്.

(ഡി) പകർച്ചവ്യാധികൾ തടയുന്നതിനായ അടിയന്തിര ശുചീകരണ പ്രവർത്തനം നടത്തുന്നതിന് സമരകാലങ്ങളിൽ ജോലിചെയ്തിരുന്നവരെ പ്രത്യേക സാഹചര്യത്തിൽ താൽക്കാലികമായി ദിവസക്കൂലി അടിസ്ഥാനത്തിൽ ഇപ്പോൾ ജോലി ചെയ്യിച്ചുവരികയാണ്. ഇവരെ സ്ഥിരനിയമനത്തിന് പരിഗണിക്കാൻ നിർവ്വാഹമില്ല.

ഗ്രാമപഞ്ചായത്തുകളിലെ എൽ.ഡി.സി.-മാരുടെ പ്രൊബേഷൻ

130 (4565) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്ന് വർഷം കരംപിരിച്ചാൽ മാത്രമേ ഗ്രാമപഞ്ചായത്തുകളിലെ ലോവർ ഡിവിഷൻ ക്ലാർക്കുമാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാവൂയെന്ന് നിയമം അനുശാസിക്കുന്നുണ്ടോ ;

(ബി) ഇപ്രകാരം ഒരു നടപടിക്രമം സർക്കാരോ പഞ്ചായത്ത് ഡയറക്ടറേറ്റോ നൽകിയിട്ടുണ്ടോ ;

(സി) തിരുവനന്തപുരം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിലെ ലോവർ ഡിവിഷൻ ക്ലാർക്കുമാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ ; പ്രൊബേഷൻ പിരീഡ് പൂർത്തിയാക്കിയ എത്ര പേരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാനുണ്ട് ;

(ഡി) കരംപിരിവ് പൂർണ്ണമാക്കാത്തതിനാലാണോ ഇപ്രകാരം നടപടി സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ;

(ഇ) എങ്കിൽ ഇപ്രകാരം നടപടി സ്വീകരിക്കാൻ അധികാരംനൽകുന്ന ചട്ടങ്ങൾ ഏതൊക്കെയാണ് ; പകർപ്പ് ലഭ്യമാക്കുമോ ;

(എഫ്) പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സർക്കാർ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.